ഒന്നുകിൽ എക്.എഫ്.ഡി.സി.ക്ക് അല്ലെങ്കിൽ പ്ലാന്റേഷൻ കോർപ്പറേഷന് വിട്ടുകൊടുക്കണമെന്ന ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തോട് ഗവൺമെന്റിന് അനുകൂലമായ അഭിപ്രായമാണുള്ളത്. ഇതുസംബന്ധിച്ച് ഇതിനകം ചില ചർച്ചകളും നടത്തിയിട്ടുണ്ട്. ആ ചർച്ചകളുടെ വെളിച്ചത്തിൽ ചില നടപടികളുമായി മുന്നോട്ടു പോവുകയാണ്. വളരെതാമസിയാതെ അതിന്റെ തീരുമാനങ്ങളുണ്ടാകും. അതിനുമുമ്പായിട്ട് നിലവിലുള്ള തൊഴിലാളികൾക്ക് ജോലി കൊടുക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ് എന്നറിയിക്കാൻ ഞാനാഗ്രഹിക്കുന്നു.

(6) ഹരിജൻ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം

ശ്രീ. കെ.കെ. ബാലകൃഷ്ണൻ: നമ്മുടെ സംസ്ഥാനത്തെ 25 ലക്ഷത്തോളം വരുന്ന ഹരിജനങ്ങളുടേയും ഗിരിജനങ്ങളുടേയും പുരോഗതിക്കുവേണ്ടി 1972–ൽ രൂപീകരിച്ച ഹരിജൻ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ ശോചനീയമായ അവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. പല പദ്ധതികളും അവർക്കുവേണ്ടി കോർപ്പറേഷൻ തയ്യാറാക്കിയിട്ടുണ്ടെങ്കിലും കാര്യക്ഷമമായി യാതൊന്നും അവിടെ നടക്കുന്നില്ല. അവിടെ ചെറുകിട വ്യവസായത്തിനും കച്ചവടത്തിനും ലോൺ കൊടുക്കുന്ന പദ്ധതികളുണ്ട്. അത് നടപ്പിലാക്കുന്നില്ല. ഒമ്പതിനായിരം വാങ്ങാനുള്ള ധനസഹായം നൽകുന്നതിനുള്ള പദ്ധതികളുണ്ട്, അത് നടപ്പിലാക്കുന്നില്ല. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനുള്ള മാർജിൻമണി 1982–83–ൽ 15,000 രൂപയാണ് ഒരാളിന് കൊടുത്തത്. 1983–84–ൽ 15,000 രൂപ ഒരാൾക്കു നൽകി. 1984–85–ൽ ആർക്കും കൊടുത്തില്ല.

പല ഭവനനിർമ്മാണ പദ്ധതികളും ഈ കോർപ്പറേഷന്റെ കീഴിലുണ്ട്. 5,000 രൂപ ധനസഹായം നൽകിക്കൊണ്ട് 10,000 വീടുകൾ നിർമ്മിക്കാനുള്ള പദ്ധതി കോർപ്പറേഷനുണ്ട്. പക്ഷേ 1984–85–ൽ 862 വീടുകൾമാത്രമാണ് ഇതനുസരിച്ച് നൽകിയിട്ടുള്ളത്. 3,000 രൂപവീതം ധനസഹായം നൽകി 10,000 വീടുകൾ നിർമ്മിക്കാനുള്ള മറ്റൊരു പദ്ധതിയുമുണ്ട്. അതിൽ 1982–83–ൽ 106 വീടുകളും 1983–84–ൽ 31 വീടുകളും 1984–85–ൽ 7 വീടും മാത്രമാണ് നൽകിയത്. ഇനി മറ്റൊരു സ്കീമുണ്ട്. 5,000 രൂപവീതംനൽകി 2,200 വീടുകൾ നിർമ്മിക്കുന്നതാണത്. അതൊന്നും ഇപ്പോൾ നടക്കുന്നില്ല. കോഴിക്കോട് കോർപ്പറേഷനിൽ സ്കാവഞ്ചേഴ്സിനു വീടു നിർമ്മിക്കാനുള്ള ഒരു പദ്ധതിയുണ്ട്. ആ പദ്ധതിയും നിറുത്തലാക്കിയിരിക്കുന്നു. മാർജിൻ മണി ബാങ്കബിൾ സ്കീമാണ്. ബാങ്കുവഴി മാർജിൻമണി നൽകാൻ ഒരു പദ്ധതിയുണ്ട് അതനുസരിച്ച് 1982–83–ൽ 17 ആളുകൾക്ക് 13,000 രൂപ ധനസഹായം നൽകി. 1983–84–ൽ ഒന്നും നൽകിയിട്ടില്ല, 1984–85–ൽ ഒന്നും നൽകിയിട്ടില്ല. ഈ കോർപ്പറേഷനിലെ വിചിത്രമായ മറ്റൊരു സംഗതി 60 ശതമാനം ആളുകളും ഡെപ്യൂട്ടേഷനിൽ വർക്കു ചെയ്യുന്നവരാണ് എന്നുള്ളതാണ്, നാലുലക്ഷംരൂപ ഈയിനത്തിൽ മാത്രം അധികച്ചെലവ് ചെയ്യുന്നു. ഈ കോർപ്പറേഷന്റെ ഒരു കൊല്ലത്തെ ഭരണച്ചെലവ് നാൽപത്തൊന്നരലക്ഷം രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

നാൽപത്തൊന്നരലക്ഷം രൂപ ചെലവുചെയ്തുനടത്തുന്ന ഇതിന്റെ പ്രവർത്തനമിന്ന് വാസ്തവത്തിൽ നിശ്ചലമായിരിക്കുന്നു. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഈ കോർപ്പറേഷനിൽ വലിയ അഴിമതിയും ധൂർത്തും നടക്കുകയാണ്. ഞാൻ ആ അഴിമതിയുടെ പട്ടികയൊന്നും ഇവിടെ നിരത്തിവയ്ക്കാനാഗ്രഹിക്കുന്നില്ല. ഒരുകാര്യം അങ്ങയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുന്നു. ഈ കോർപ്പറേഷന്റെ മൂലധനം 8 കോടി രൂപയാണ്. 8 കോടിരൂപ മൂലധനമുള്ള ഈ കോർപ്പറേഷനിൽ ഒരു സെക്രട്ടറി കം മാനേജരെ നിയമിച്ചിട്ടുണ്ട്. ആ മാനേജരുടെ ക്വാളിഫിക്കേഷൻ അറിയേണ്ടതാണ്, ഈ സഭ മനസ്സിലാക്കേണ്ടതാണ്. വെറും എസ്.എസ്.എൽ.സി.യും കോ-ഓപ്പറേറ്റീവ് ട്രെയിനിംഗും പാസ്സായിട്ടുള്ള ഒരാളാണ് ഇതിന്റെ സെക്രട്ടറി കം മാനേജർ. കോടിക്കണക്കിനുരൂപ കൈകാര്യം ചെയ്യുന്ന ഒരു സ്ഥാപനത്തിന്റെ സ്ഥിതിയിതാണ്. രജിസ്ട്രർ ഓഫ് കമ്പനീസിന്റെ ഒരു ഓർഡറനുസരിച്ച് അവിടെ സെക്രട്ടറി കം ഫൈനാൻസ് മാനേജരായി നിയമിക്കാൻ വ്യവസ്ഥയുണ്ട്. ഒരുകാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻവേണ്ടി പറയുകയാണ്. അങ്ങ് ഹരിജനക്ഷേമവകുപ്പ് കൈകാര്യം ചെയ്യുന്നതുകൊണ്ടാണ് പ്രത്യേകം പറയുന്നത്. അവിടെയുള്ള മേലധികാരികളായ ഹരിജന-ഗിരിജനങ്ങളായ ഉദ്യോഗസ്ഥൻമാരെ എടാ പോടാ എന്നുവരെ വിളിക്കാൻ തുടങ്ങിയിരിക്കുന്നു. അവിടെയുള്ള ജീവനക്കാർ ഇന്ന് ശ്വാസം മുട്ടിക്കഴിയുകയാണ്. ഈ കോർപ്പറേഷന്റെ പ്രവർത്തനം സുഗമമാക്കാൻ നിലവിലുള്ള എല്ലാ പരിപാടികളും പൂർത്തിയാക്കുന്നതിന് കാര്യക്ഷമമായ ഫണ്ട് കോർപ്പറേഷന് നൽകണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടഭ്യർത്ഥിക്കുകയാണ്. കോർപ്പറേഷനിൽ ഇപ്പോഴും ആകെ നടക്കുന്നത് കൃഷിഭൂമി വിതരണം മാത്രമാണ്. കൃഷിഭൂമി വാങ്ങാനുള്ള ധനസഹായം നൽകുന്നു. കുറച്ചാളുകൾക്ക് വിദേശത്തുപോയി ജോലിചെയ്യാനുള്ള ധനസഹായം നൽകുന്നു. അതിനുതന്നെ പതിനായിരക്കണക്കിന് അപേക്ഷകൾ ഓഫീസിൽ കെട്ടിക്കിടക്കുകയാണ്. അവിടത്തെ ഫണ്ടിന്റെ നിലവാരമനുസരിച്ച് കൃഷിഭൂമി വാങ്ങുന്നതിനുള്ള ധനസഹായത്തിന് 1,500 ആളുകൾക്ക് അപേക്ഷാഫോറം കൊടുത്താൽമതി. അതിന് 60,000 അപേക്ഷാഫോറങ്ങൾ വിതരണംചെയ്തു കഴിഞ്ഞു. 60,000 ഹരിജനങ്ങൾ അപേക്ഷ സമർപ്പിച്ച് ഇപ്പോൾ വേഴാമ്പലിനെപ്പോലെ കാത്തു കഴിയുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ ഫണ്ട് നൽകണമെന്ന് വളരെ വിനീതമായി അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഒരു വകുപ്പിനെക്കുറിച്ചുള്ള വിശദമായ ചർച്ചയ്ക്ക് മറുപടി പറയുവാൻ ബുദ്ധിമുട്ടുണ്ട്. ഒന്നുരണ്ടുകാര്യങ്ങൾമാത്രം ഞാൻ ചൂണ്ടിക്കാണിക്കാം. ഒന്ന്, കൃഷിഭൂമി വാങ്ങിക്കാൻകൊടുക്കുന്ന പണത്തിന്റെ കാര്യം. ഈ ആഗസ്റ്റുമാസംവരെ 402 പേർക്കായിട്ട് 56.92 ലക്ഷം രൂപ ഇതിനോടകം നൽകിക്കഴിഞ്ഞിട്ടുണ്ട്. വിദേശജോലി തേടുന്ന കാര്യത്തിലാണെങ്കിൽ ആഗസ്റ്റുമാസംവരെ 58 പേർക്കായി 5.89 ലക്ഷംരൂപ വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഓഹരി

LIBRARY ARCHIVES Kerala Legislative Assembly

മൂലധനം 51.49 എന്ന അനുപാതമനുസരിച്ച് സംസ്ഥാന ഗവൺമെൻറിൻെറ വിഹിതമായി 75 ലക്ഷംരൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയത്. ഇതിൽ 37.5 ലക്ഷം രൂപ 29-7-1985-ൽ കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ഇതിൽ വ്യവസായം നടത്തുന്നതിനുള്ള ധനസഹായത്തെസംബന്ധിച്ചാണെങ്കിൽ യോഗ്യതയുള്ള അപേക്ഷകരില്ലാത്തതുകൊണ്ട് കൊടുത്തിട്ടില്ല. ഈ കോർപ്പറേഷൻ നടത്തുന്നത് വളരെ പരിചയസമ്പന്നനായ ഒരു ചെയർമാനാണ്. അദ്ദേഹം ഹരിജനാണ്. ആ കോർപ്പറേഷൻെറ വീഴ്ചകളെന്താണെന്ന് പരിശോധിച്ച് പരിഹാരമുണ്ടാക്കാൻ വേണ്ടിയാണ് ഈ പദ്ധതികളൊക്കെ നടത്തുന്നത്. ഭൂമി കൊടുക്കുന്നകാര്യത്തിൽ വരുന്ന ബുദ്ധിമുട്ട്, എന്താണെന്നു വച്ചാൽ മുമ്പ് ഉണ്ടായിരുന്ന ഒരു വ്യവസ്ഥ അപേക്ഷകരം കൊടുക്കുന്നത് ഏതാണ്ട് അവരുടെ യോഗ്യത തിട്ടപ്പെടുത്തിയതിനു ശേഷമാണ്; ആ ഫോറം കിട്ടിക്കഴിഞ്ഞാൽ ഭൂമിക്ക് പണം കിട്ടുമെന്നായിരുന്നു ഉണ്ടായിരുന്നത്. കഴിഞ്ഞപ്രാവശ്യം ഉണ്ടായതെന്താണെന്നുവച്ചാൽ തിട്ടപ്പെടുത്താനായി ചോദിച്ചയാളുകൾക്കൊക്കെ അപേക്ഷാഫോറം കൊടുത്തു. ഫോറം കിട്ടിക്കഴിഞ്ഞാൽ പണം കിട്ടുമെന്നുള്ള മുൻകാലാനുഭവത്തിൻെറ അടിസ്ഥാനത്തിൽ ഫോറം കിട്ടിയയുടനെകൊണ്ടുപോയി കരാർചെയ്തു. അതിൻെറ ഫലമായി കൃഷിഭൂമി കരാർചെയ്തയാളുകൾക്ക് പണം നഷ്ടപ്പെടുന്ന ഒരു സ്ഥിതി വന്നു. ആ നടപടി തിരുത്തുവാൻ അവരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(7) പട്ടാമ്പി നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡുകൾ.

ശ്രീ. കെ.ടി. ഇസ്മയിൽ: സർ, എൻെറ നിയോജകമണ്ഡലത്തിൽ എം.എൽ.എ. റോഡ് എന്ന നിലയിൽ എഴുതിക്കൊടുത്ത റോഡുകളുടെ പ്രവർത്തനം ഏറെടുക്കുകയോ പ്രവർത്തനം ആരംഭിക്കുകയോ ചെയ്തിട്ടില്ലയെന്നുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഈ സമയം ഞാൻ വിനിയോഗിക്കുന്നത്. ബഹുമാനപ്പെട്ട മുഹമ്മദ് കോയ 1982-ൽ നിർദ്ദേശിച്ചതനുസരിച്ച് എഴുതിക്കൊടുത്തതാണ്. 1982-ൽ എഴുതിക്കൊടുത്ത രണ്ട് റോഡുകളും ഏറെടുക്കാൻ പലവട്ടം മന്ത്രിയോടും അതിനുശേഷം വകുപ്പ് കൈകാര്യം ചെയ്ത മന്ത്രിയോടും അധികാരികളോടുമൊക്കെ ആവശ്യപ്പെടുകയും ചെയ്തതാണ്. അതിന് സാങ്കേതികമായ തടസ്സമെന്താണെന്ന് ഇപ്പോഴും വ്യക്തമല്ല. നെല്ലായ-മാമുണ്ടിക്കടവ് തൃത്താല പാലവും ചെർപ്പുളശ്ശേരിയിൽനിന്നും പെരിന്തൽമണ്ണവരെയുള്ള 25 കിലോമീറ്റർ യാത്രാസൗകര്യം കിട്ടുന്ന രണ്ട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡാണ്. 1957-ൽ ആദ്യത്തെ കേരളഗവൺമെൻറ് വന്നകാലഘട്ടംമുതൽ ബഡ്ജറ്റിൽ സ്ഥിരമായി പണം ഉൾക്കൊള്ളിക്കുന്ന റോഡാണ്. ഏറെടുക്കുന്നതിന് യാതൊരുവിധ തടസ്സവുമില്ലാത്ത റോഡാണ്. ആ റോഡാണ് എഴുതിക്കൊടുത്തത്. അത് ഇതുവരെ ഏറെടുക്കാൻകഴിഞ്ഞിട്ടില്ല. സാങ്കേതികമായ കാരണങ്ങൾ എന്താണെന്ന് മനസ്സിലായില്ല. അത് അടിയന്തിരമായി ഏറെടുക്കണം. പട്ടാമ്പി പഞ്ചായത്തും മുതുതല പഞ്ചായത്തും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡാണ്. അതിന് പഞ്ചായത്ത് കൺസെൻറ്

LIBRARY ARCHIVES Kerala Legislative Assembly